**Kerala Catholic Bishops' Council (KCBC)**

Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com


All Kerala Press Release
*Ref: 868/KCBC/K-6/KPR/DS*

11.08.2022

## ബഫർസോൺ – 'ജനവാസമേഖല' എന്നതിന് കൃത്യമായ നിർവചനം നല്കണം : കെ.സി.ബി.സി

കൊച്ചി : ബഫർസോൺ വിഷയത്തിൽ 3.6.22 ലെ സുപ്രീംകോടതി വിധിയെ തുടർന്നുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് വനം വകുപ്പനെ ചുമതലയേല്പിച്ചുകൊണ്ട് 10.8.22 ന് സംസ്ഥാന സർക്കാർ ഉത്തരവ് അംഗീകാരിക്കാനാവാത്തതാണ്; ബാധിത പ്രദേശങ്ങളിലെ കർഷകർക്ക് നീതി നിഷേധിക്കപ്പെടുന്നതുമാകും. ആക്ഷേപങ്ങൾ സെൻട്രൽ എംപവേർഡ് കമ്മിറ്റിക്ക് മുന്നിൽ അറിയിക്കാൻ ആരേയും ചുമതലപ്പെടുത്തിയിട്ടില്ല. മൂന്ന് മാസം സമയത്തിൽ ഇനി മൂന്ന് ആഴ്ച മാത്രം അവശേഷിക്കേ യാതൊരു തയ്യാറെടുപ്പും നടന്നതായി അറിവില്ല. ജനവാസ മേഖലകളെ ബഫർസോണിൽനിന്ന് ഒഴിവാക്കുമെന്ന് 10.8.22 ലെ ഉത്തരവിൽ പറയുമ്പോഴും ജനവാസ മേഖല എന്നത് കൃത്യമായി നിർവ്വചിച്ചിട്ടില്ല.

ഈ വിഷയങ്ങൾ ഉന്നയിച്ച് കെ സി ബി സി യുടെ ജസ്റ്റിസ് പീസ് ആൻറ് ഡവലപ്മെന്റ് കമ്മീഷനും കേരള കർഷക അതിജീവന സംയുക്ത സമിതിയും സംയുക്തമായി മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, വനം വകുപ്പ് മന്ത്രി എന്നിവർക്ക് നിവേദനം നൽകി.

ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ/ഔദ്യാഗിക വക്താവ്,
ഡയറക്ടർ,പിഒസി.


PRESIDENT
His Beatitude
MAR GEORGE CARDINAL ALENCHERRY
Major Archbishop of Syro Malabar Church
Mount St. Thomas P.B.No. 3110, Kakkanad
Kochi 682 030
Ph: 0484-2424768, 2424780, 2425727
Fax: 0484-2422727
E-mail: bpalencherry@yahoo.co.in

VICE-PRESIDENT
His Excellency
RT. REV. DR. VARGHESE CHAKKALAKAL
Bishop of Calicut
Bishop's House, Malaparamba
Kozhikode 673 009.
Ph: 0495 2370313, 2370271
Fax: 0495 2377013
E-mail: calicut_diocese@yahoo.com

SECRETARY GENERAL
DR. JOSEPH MAR THOMAS
Bishop of Bathery,
Catholic Bishop's House
Bathery, Dharmapitam
Wayanad 673 592.
Ph: 04936 220207, Fax: 04936 221287
E-mail: bishopbty@gmail.com

DEPUTY SECRETARY GENERAL
FR. JACOB G. PALACKAPPILLY
P.O.C., P. B. No. 2251
Palarivattom, Kochi-682025
Ph: 0484-2805815, 2805722
Fax: 2806214
Email: jacobgpala@gmail.com

**നിവേദനത്തിന്റെ പൂർണ്ണരൂപം:**

ബഹു. കേരള മുഖ്യമന്ത്രിക്ക് കേരള കത്തോലിക്കാ മെത്രാൻ സമിതി (കെ. സി. ബി. സി.) ക്ക് വേണ്ടി ജസ്റ്റിസ് പീസ് ആൻറ് ഡവലപ്മെന്റ് കമ്മീഷനും കേരള കർഷക അതിജീവന സംയുക്ത സമിതിയും സംയുക്തമായി നല്കുന്ന നിവേദനം:

ബഹു. മുഖ്യമന്ത്രി,

ബഫർ സോൺ : സ്ഥിതി വിവര ശേഖരണം സർക്കാർ അതീവ ജാഗ്രതയോടെ ഉടനടി നടത്തണം.

സംരക്ഷിത വനമേഖലകളുടെ ഒരു കിലോമീറ്റർ ചുറ്റളവ് ഇക്കോ സെൻസിറ്റീവ് സോൺ നിഷ്കർഷിച്ച 3.6.22 ലെ സുപ്രീം കോടതി വിധിയിന്മേൽ ഈ മേഖലയിലെ സ്ഥിതി വിവരങ്ങളെ സംബന്ധിച്ച് പഠനം നടത്തുന്നതിന് മുഖ്യ വനപാലകരുടെ നേതൃത്വത്തിൽ നടത്തുന്ന നീക്കം വനം വകുപ്പിന്റെ ഏകപക്ഷീയമായ നടപടി ആകുവാൻ പാടില്ല. വനം വകുപ്പിനൊപ്പം ഓരോ വനമേഖലയുടെയും പ്രസ്തുത പരിധിയിൽ വരുന്ന റവന്യൂ, കൃഷി, പഞ്ചായത്ത്, വകുപ്പ് പ്രതിനിധികളും ജനപ്രതിനിധികളും കർഷക സംഘടനാ പ്രതിനിധികളും സംയുക്തമായുള്ള വിവര ശേഖരണമാണ് ഉണ്ടാകേണ്ടത്. അതുവഴി അവിടെ ഉണ്ടാകാവുന്ന സാമൂഹ്യ, സാമ്പത്തിക പ്രത്യാഘാത ങ്ങളെ സംബന്ധിചുള്ള വ്യക്തമായ ക്രോഡീകരണം നടത്തി റിപ്പോർട്ട് തയ്യാറാക്കണം. ഇതിന് ഇനി മൂന്ന് ആഴ്ച സമയം പോലും അവശേഷിച്ചിട്ടില്ല.

ഇപ്രകാരം തയ്യാറാക്കുന്ന റിപ്പോർട്ട് ചീഫ് സെക്രട്ടറി തലത്തിലുള്ള ഒരു സമിതി വിലയിരുത്തി മന്ത്രി സഭ അംഗീകരിച്ചു വേണം വനം പരിസ്ഥിതി മന്ത്രാലയത്തിനും, സെൻട്രൽ എമ്പവേർഡ് കമ്മറ്റിയ്ക്കും അവർ വഴി സുപ്രീം കോടതിയിലും നൽകേണ്ടത്.

അതോടൊപ്പം, ഒരു കിലോമീറ്റർ ചുറ്റളവിൽ ബഫർസോൺ ആകാമെന്ന 2019 ലെ മന്ത്രിസഭായോഗ തീരുമാനം ഉടൻതന്നെ റദ്ദാക്കുകയും വേണം.

ഇക്കാര്യങ്ങളിൽ സർക്കാർ തികഞ്ഞ ജാഗ്രത പുലർത്തണമെന്ന് കെ സി ബി സി യുടെ ആഭിമുഖ്യത്തിൽ 61 കർഷക സംഘടനകൾ യോജിച്ചു രൂപീകരിച്ച കേരള കർഷക അതിജീവന സംയുക്ത സമിതിയും സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

10.8.2022 ഇന്നലെ കേരള സർക്കാർ ഇറക്കിയ സ. ഉ. (കൈ) 44/2022/F&WLD നമ്പർ ഉത്തരവിലൂടെ ബഫർസോൺ വിഷയത്തിൽ ഇതുവരെ വനംവകുപ്പ് എടുത്തിട്ടുള്ള നടപടികളെല്ലാം സാധൂകരിക്കുന്നതായി ത്തീർന്നിരിക്കുന്നു. തുടർന്ന് സുപ്രീം കോടതിയിൽ റിവ്യൂ ഹർജിയുമായി മുന്നോട്ട് പോകുവാൻ വനംവകുപ്പിനെ ചുമതലപ്പെടു ത്തുന്നതിലൂടെ വനാതിർത്തിയിൽ ജീവിക്കുന്ന ജനവിഭാഗങ്ങൾക്ക് നീതി ലഭ്യമാക്കുമെന്ന് കരുതാനുമാവില്ല.

2022 ജൂൺ 3 ലെ സുപ്രീം കോടതി വിധിപ്രകാരം ബഫർ സോൺ മേഖലയിലെ ജനങ്ങൾ നേരിടുന്ന വിഷയങ്ങളും, ഈ മേഖലയിലെ നിലവിലെ സാഹചര്യങ്ങളും സെട്രൽ എംപവർമെന്റ് കമ്മിറ്റിക്ക് മുമ്പാകെ അവതരിപ്പിക്കേണ്ടത് സംസ്ഥാന സർക്കാരുകളാണ്. എന്നാൽ ഇന്നലെ ഇറങ്ങിയ മന്ത്രിസഭ തീരുമാനത്തിൽ സെൻട്രൽ എംപവേർഡ് കമ്മിറ്റി മുമ്പാകെ ജനങ്ങളുടെ ഈ വിഷയങ്ങളും ആവലാതികളും അവതരിപ്പിക്കാൻ ആരെയും ചുമതല പ്പെടുത്തിയതായി പറയുന്നില്ല.

'ജനവാസമേഖല' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ് എന്ന് എവിടേയും വ്യാഖ്യാനിച്ചിട്ടില്ല. കർഷകൻ വസിക്കുന്നതും കൃഷി ചെയ്യുന്നതുമായ എല്ലാ സ്ഥലങ്ങളും ജനവാസ മേഖല തന്നെയാണ്.

കേരളത്തിലെ ബഹുഭൂരിപക്ഷം വന്യജീവി സങ്കേതങ്ങളും വന്യജീവി സംരക്ഷണ നിയമം 26A വരെയുള്ള നടപടികൾ പൂർത്തീകരിക്കാത്തവയായതിനാൽ സംസ്ഥാന സർക്കാരിന് നിലവിലുള്ള അധികാരങ്ങൾ ഉപയോഗിച്ചുകൊണ്ട് തന്നെ മലയോര കർഷകരുടെ ജീവിതം ദുസ്സഹമാക്കുന്ന ബഫർസോൺ പ്രതിസന്ധി മറികടക്കാമെന്നിരിക്കെ, സർക്കാരിന്റെ 10.8.22 ലെ ഈ ഉത്തരവ് തീർത്തും പ്രയോജനരഹിതമായി ജനം വിലയിരുത്തുന്നു.

ആയതിനാൽ, 3.6.22 ൽ സുപ്രീംകോടതി വിധിയിൽ പറയുന്നപോലെ ഉടൻ തന്നെ കേരളത്തിലെ ബഫർസോൺ ബാധിത പ്രദേശങ്ങളിൽ നിലവിലുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ സെൻട്രൽ എംപവേർഡ് കമ്മിറ്റിയെ സമീപിച്ച് വസ്തുതകൾ ബോധ്യപ്പെടുത്താൻ സർക്കാർ മുൻകൈ എടുക്കണം, അതിന് വിവിധ വകുപ്പുകളുടെ ഒരു ഏകോപിത സമിതിയെ ചുമതലപ്പെടുത്തണം. ഈ വിഷയത്തിൽ ഇതുവരെ എടുത്തിട്ടുള്ള നടപടികൾ പൊതുജനങ്ങളെ അറിയിക്കുന്നതിന് ലഭ്യമാക്കുകയും വേണം.

എന്ന്,

കെ. സി. ബി. സി.ക്കും കേരള കർഷക അതിജീവന സംയുക്ത സമിതിക്കും വേണ്ടി,
ബിഷപ്പ് മാർ ജോസ് പുളിക്കൽ,
ചെയർമാൻ, ജസ്റ്റിസ് പീസ് ആൻറ് ഡവലപ്മെന്റ് കമ്മീഷൻ കെ.സി.ബി.സി.